**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5612 — 02.11.2016 -ൽ മറുപടിക്ക്

## സാഹസിക ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. കെ. ബാബു<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രദേശത്തിന്റെ സ്വാഭാവികതയനുസരിച്ചുള്ള പദ്ധതികൾക്കാണ് പ്രാമുഖ്യം നൽകുന്നത്. ഇതിനായി രൂപരേഖ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ട്. കേരളത്തിലെ വിനോദസഞ്ചാര മേഖലകളിൽ സ്ഥലലഭ്യതയനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്ന കാര്യം പരിശോധനയിലാണ്. ഇതിനുപുറമേ ജലാശയങ്ങളോടനുബന്ധിച്ചും സാഹസിക വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. |

| | |
|---|---|
| ബി) വയനാട്ടിലെ കർലാട് ലേക്ക് ടൂറിസം വികസനത്തിന് എന്തെങ്കിലും പദ്ധതി അംഗീകരിച്ചിട്ടുണ്ടോ; | ബി) & സി) ഉണ്ട്. കർലാട് തടാകത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1.025 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| സി) എങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ